"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- വയനാട് ജില്ലയിൽ കേന്ദ്രപദ്ധതിയായ റൂസ (RUSA) പദ്ധതിയിൽ പെടുത്തി ഒരു മോഡൽ ഡിഗ്രി കോളേജ് സ്ഥാപിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വയനാട് ത്രിശ്ശില്ലേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ സമീപത്തു നിന്ന് 500 മീറ്റർ അകലെയുള്ള സ്കൂളിന്റെ വകയിലുള്ള 6.32 ഏക്കർ സ്ഥലത്തിൽ നിന്നും 5 ഏക്കർ സ്ഥലം വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.3406/2024/GEDN തീയതി,തിരുവനന്തപുരം, 30-05-2024

---

പരാമർശം:-

1. വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29.05.2024 -ലെ DDEWYD/1355/2024/B3 നമ്പർ കത്ത്
2. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും ബഹു. മാനന്തവാടി എം.എൽ.എ.യുടെയും സാന്നിധ്യത്തിൽ 29.05.2024-ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

വയനാട് ജില്ലയിൽ കേന്ദ്രപദ്ധതിയായ റൂസ (RUSA) പദ്ധതിയിൽ പെടുത്തി ഒരു മോഡൽ ഡിഗ്രി കോളേജ് സ്ഥാപിക്കുന്നതിന് തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ തൃശ്ശിലേരി വില്ലേജിലെ തൃശ്ശിലേരി ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ കൈവശം മെയിൻ കാമ്പസിന് 500 മീറ്റർ മാറി സ്ഥിതി ചെയ്യുന്ന 6.32 ഏക്കർ സ്ഥലം വിട്ടു നൽകുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും ബഹു. മാനന്തവാടി എം.എൽ.എ.യുടെയും സാന്നിധ്യത്തിൽ ഒരു യോഗം 29.05.2024-ൽ ചേർന്നിരുന്നു.

2) വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരാമർശം (1)-ലെ കത്തിൽ, തൃശ്ശിലേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ 1 മുതൽ 12 വരെ ക്ലാസ്സുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്നും ആകെ 955 കുട്ടികൾ സ്കൂളിൽ പഠനം നടത്തുന്നു എന്നും വിദ്യാലയത്തിന് സ്വന്തമായി 2 ഇടങ്ങളിലായി 6.24, 6.32 ഏക്കർ സ്ഥലം ഉണ്ട് എന്നും നിലവിൽ 1 മുതൽ 12 വരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്നത് ഒന്നാമത്തെ സ്ഥലമായ (6.24 ഏക്കർ) ഭൂമിയിലാണ് എന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ഈ ക്യാമ്പസിലെ മുഴുവൻ കുട്ടികൾക്കും പഠിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യവും മറ്റു സൗകര്യങ്ങളും ഉണ്ട് എന്നും രണ്ടാമത്തെ ക്യാമ്പസ് (6.32 ഏക്കർ) സ്ഥിതി ചെയ്യുന്നത് 500 മീറ്റർ അകലെയാണ് എന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെ രണ്ടാമത്തെ ക്യാമ്പസിൽ ബഡ്സ് സ്കൂൾ താത്കാലികമായി പ്രവർത്തിക്കുന്നു. തൃശ്ശിലേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പ്രധാന ക്യാമ്പസിൽ നിന്നും 500 മീറ്റർ അകലെയുള്ള 6.32 ഏക്കർ സ്ഥലം വിദ്യാലയത്തിന്റെ പ്രാഥമികാവശ്യങ്ങൾക്ക് വേണ്ട എന്ന് പ്രധാനദ്ധ്യാപകനും പി.ടി.എ. യും സംയുക്തമായി അറിയിച്ചിട്ടുണ്ട് എന്നും പ്രസ്തുത കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്ത് കുട്ടികളുടെ പഠന പഠ്യേതര കാര്യങ്ങൾക്ക് എല്ലാ സൗകര്യങ്ങളും ഉള്ളതായി കാണുന്നു എന്നും പ്രസ്തുത സ്ഥലം അന്യാധീനപ്പെട്ടുപോകാതെ ടി സ്ഥലത്ത് റൂസ പദ്ധതി പ്രകാരം കോളേജ് വരുന്നതുമായി ബന്ധപ്പെട്ട ഒരു കത്ത് നിലവിലെ

പി.ടി.എ. കമ്മിറ്റി വിദ്യാലയത്തിലേക്ക് നൽകിയിട്ടുണ്ടെന്നും വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിക്കുകയുണ്ടായി.

3)ഈ വിഷയം സർക്കാർ 29.05.2024-ൽ ചേർന്ന യോഗത്തിൽ പരിശോധിച്ചു. പിന്നോക്ക ന്യൂനപക്ഷ, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളും തിങ്ങി പാർക്കുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ളതുമായ വയനാട് ജില്ലയിൽ മേൽ പറഞ്ഞ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനു ഒരു കോളേജ് സ്ഥാപിക്കുന്നത് അവരുടെ ഉന്നമനത്തിനു വളരെ അത്യാവശ്യമായുള്ള കാര്യമായിട്ടാണ് സർക്കാർ കരുതുന്നതെന്നതിനാൽ യോഗതീരുമാന പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വയനാട് ത്രിശ്ശില്ലേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ സമീപത്തു നിന്ന് 500 മീറ്റർ അകലെയുള്ള സ്കൂളിന്റെ വകയിലുള്ള 6.32 ഏക്കർ സ്ഥലത്തിൽ നിന്ന് അവിടെ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് ആവശ്യമായ സ്ഥലം കിഴിച്ച് ബാക്കി 5 ഏക്കർ സ്ഥലം റൂസോ പദ്ധതി മുഖേനയുള്ള ഡിഗ്രി കോളേജിന്റെ നിർമാണത്തിനായി, റവന്യൂ വകുപ്പിന്റെ അനുമതിക്ക് വിധേയമായി, ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടുനല്കുന്നതിനായി permissive sanction നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

ശ്രീ.ഒ .ആർ.കേളു എം.എൽ.എ, (മാനന്തവാടി ),Olanchery Puthenmittom,Mullankolly, Kaatikkulam P.O,, Wayanad-670646
പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )കേരളം ,തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ &ഇ )കേരളം ,തിരുവനന്തപുരം .
ഉന്നതവിദ്യാഭ്യാസ വകുപ്പ്
റവന്യൂ വകുപ്പ്
വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ )വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sajitha V
സെക്ഷൻ ഓഫീസർ
Date: 30-05-2024 11:20:33

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.